# ഗ്രാമവികസന കമ്മീഷണറുടെ നടപടിക്രമം.

(ഹാജർ: വി. ആർ. വിനോദ്, ഐ.എ.എസ്.)

## സംഗ്രഹം

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - നേരിട്ടുള്ള നിയമന വ്യവസ്ഥയിൽ നിയമനം നടത്തേണ്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് Stop Gap Arrangement ആയി KS & SSR ഭാഗം 2 ചട്ടം 31 (a) (i) പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

================================================================================

ഉത്തരവ് നം: 2529/എസ്റ്റാ.ബി1/2021/സി.ആർ.ഡി. തീയതി: 19.07.2021

================================================================================

പരാമർശം:- (1) ജി.ഒ(പി) നം.44/11/എൽ.എസ്.ജി.ഡി തീയതി 16.02.2011.

(2) 15.2.2021-ലെ അസാധാരണ ഗസറ്റ് നം.734

(3) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 05.02.2021-ലെ RIC(3)/7725/17/GW നമ്പർ കത്തും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റും

(4) സ.ഉ. (സാധാ) നം. 570/2021/തസ്വഭവ. തീയതി 24.02.2021

(5) ശ്രീ. നാസർ. എൻ. എ, ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറുടെ 30.10.2020-ലെ അപേക്ഷ

(6) തിരുവനന്തപുരം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ന്റെ 24.06.2021-ലെ ഡി2-1427/21 നം. കത്ത്

(7) ഗ്രാമവികസന കമ്മീഷണറുടെ 26.02.2021-ലെ ഇതേ നമ്പർ ഉത്തരവ്

## ഉത്തരവ്

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിയമനം നടത്തുന്നതിനായുള്ള റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നേരിട്ടുള്ള നിയമനം വഴി നിയമന ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് റിവർട്ട് ചെയ്യുന്നതാണ് എന്ന വ്യവസ്ഥയിൽ ഫീഡർ കാറ്റഗറിയിൽ നിന്നും സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റ് പ്രകാരം സ്റ്റോപ്പ് ഗ്യാപ്പ് അറേഞ്ച്മെന്റ് ആയി KS & SSR ഭാഗം 2 ചട്ടം 31 (a) (i) പ്രകാരം സൂചന (7) പ്രകാരം താൽക്കാലിക സ്ഥാനക്കയറ്റം അനുവദിച്ചിട്ടുണ്ട്. എന്നാൽ തന്നെ ആറു മാസത്തേക്ക് സ്ഥാനക്കയറ്റത്തിന് പരിഗണിക്കേണ്ടതില്ലായെന്ന് സൂചന (5) പ്രകാരം ശ്രീ. നാസർ. എൻ. എ. അപേക്ഷിച്ചതിനാൽ ടിയാന് സ്ഥാനക്കയറ്റം അനുവദിച്ചിട്ടില്ലാത്തതാണ്. പ്രസ്തുത കാലാവധി കഴിഞ്ഞതിനാൽ അടുത്ത് ഉണ്ടാകുന്ന ഒഴിവിൽ നിയമനം നൽകണമെന്ന ശ്രീ. നാസർ. എൻ.എ. യുടെ അപേക്ഷ ശുപാർശ ചെയ്ത് സുചന (6) പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സൂചന (2) പ്രകാരമുള്ള മുൻഗണനാക്രമത്തിൽ ക്രമ നം. 12 ആയി ഉൾപ്പെട്ടിരുന്ന ശ്രീ. നാസർ എൻ. എ., ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, വാമനപുരത്തിനെ (പെൻ. നം. 193358) 51400-110300 രൂപ ശമ്പള സ്കെയിലിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ KS & SSR ഭാഗം 2 ചട്ടം 31 (എ)(1) വ്യവസ്ഥകൾക്ക് വിധേയമായി, കേഡർ സ്ട്രെങ്ത്തിൽ അധികമായിവരുന്ന പക്ഷം ടി ജീവനക്കാരെ റിവർട്ട് ചെയ്യുന്നതാണ് എന്ന വ്യവസ്ഥയിൽ, താല്ക്കാലിക സ്ഥാനക്കയറ്റം നല്കി ചുവടെഷെറയും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു. ടി യാൻ റിവർട്ട് ചെയ്യാതെ

തുടരുന്നപക്ഷം, കേഡർ സ്ട്രെങ്ത്തിൽ ഒഴിവ് വരുന്ന തീയതി പ്രാബല്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ നിയമനം ക്രമീകരിച്ച് നല്കുന്നതും ടി തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷക്കാലം നിരീക്ഷണകാലവുമായിരിക്കുന്നതാണ്.

| ക്രമ നമ്പർ | പേര്, നിലവിലെ തസ്തിക | സീനിയോറിറ്റി നമ്പർ | പെൻ നമ്പർ | താല്ക്കാലിക സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ഓഫീസ് |
|---|---|---|---|---|
| 1 | നാസർ. എൻ. എ.<br>ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (ആർഎച്ച്)<br>വാമനപുരം | 1514 | 193358 | ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ആലത്തൂർ |

ബന്ധപ്പെട്ട മേലധികാരി പകരക്കാരെ കാത്തുനില്ക്കാതെ ടി ജീവനക്കാരനെ അടിയന്തരമായി വിടുതൽ ചെയ്യേണ്ടതും സേവനത്തിൽ പ്രവേശിച്ച വിവരം യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
ഗ്രാമവികസന കമ്മീഷണർ

സ്വീകർത്താവ്:-

ശ്രീ. നാസർ. എൻ.എ, ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (ആർഎച്ച്) വാമനപുരം (മേലധികാരി മുഖേന)

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തൃശ്ശൂർ (ആമുഖ കത്ത് സഹിതം)
2. ജില്ലാ കളക്ടർ, പാലക്കാട്
3. പ്രോജക്ട് ഡയക്ടർ/ജെ.പി.സി, പാലക്കാട്
4. അസി. ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), തിരുവനന്തപുരം, പാലക്കാട്
5. എസ്റ്റാ.ബി3 സീറ്റ്
6. കരുതൽ ശേഖരം

ഉത്തരവിൻ പ്രകാരം

ജൂനിയർസൂപ്രണ്ട്

ആർ.ജെ.എസ്.